ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 42 വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ടായിരുന്നു. അവയിൽ കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ പ്രവർത്തിച്ചുകൊണ്ടിരുന്ന 39 സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം -1- ൽ നൽകിയിരിക്കുന്നു.† മറ്റ് സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1) കേരളാ സോപ്സ് ആൻഡ് ഓയിൽസ് ലി- കോഴിക്കോട് ജില്ല.

2) കേരളാസ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കലിന്റെ വൈറ്റമിൻ (എ) ഡിവിഷൻ ആലപ്പുഴ ജില്ല.

3) ചാലക്കുടി റിഫ്രാക്ടറീസ് തൃശ്ശൂർ ജില്ല.

ചെറുകിടവ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 13 എണ്ണം.

(സി) കെ.എസ്.ഐ.ഡി.സി. യുടെ അധീനതയിലുള്ള 37 സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവയുടെ വിശദാംശം അനുബന്ധം 2-ൽ നൽകിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലി- ഇപ്പോൾ 'ലേ ഓഫിലാണ്'. ചെറുകിടവ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഇതിനെപ്പറ്റി വ്യക്തമായി പറയാനാവില്ല. അടഞ്ഞുകിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധത്തിൽ ഉണ്ട്. തിരുവനന്തപുരം സ്പിന്നിംഗ് മിൽസ് ലി., തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഏകദേശം 13 കോടി രൂപ ചെലവുവരുന്ന ഒരു പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ചാലക്കുടി റിഫ്രാക്ടറീസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

15 (539) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര; 1999 - 2000 വർഷത്തിലെ ആകെ ലാഭം എത്ര;

(സി) 1999-2000 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എത്ര;

(ഡി) 1995-96 വർഷത്തിൽ നഷ്ടമുണ്ടാക്കിയ വ്യവസായ സ്ഥാപനങ്ങൾ എത്ര; ഇവയുടെ ആകെ ലാഭം എത്രയായിരിക്കും;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1995-96 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ എത്ര; അവയുടെ നഷ്ടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വ്യവസായവകുപ്പിന്റെ കീഴിൽ 72 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്.

(ബി) ഇവയിൽ 24 എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു. 1999-2000 -ൽ 24 കമ്പനികളും കൂടി മൊത്തം 15,539.49 ലക്ഷം രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്.

(സി) 1999 - 2000 വർഷത്തിൽ 33 സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു.

(ഡി) 1995-96 വർഷത്തിൽ വ്യവസായവകുപ്പിനു കീഴിലുള്ള 25 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കി. ഇവയുടെ ആകെ ലാഭം 10,359.96 ലക്ഷം രൂപയായിരുന്നു.

(ഇ) 1995-96 വർഷത്തിൽ 34 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു. ഇവയുടെ ആകെ നഷ്ടം 6,234.5 ലക്ഷം രൂപയായിരുന്നു.

16 (540) ആഗോളാടിസ്ഥാനത്തിൽ വ്യവസായ സംരംഭകരുടേയും നിക്ഷേപകരുടേയും യോഗം

ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എപ്പോഴെങ്കിലും ആഗോളാടിസ്ഥാനത്തിൽ വ്യവസായ സംരംഭകരുടെയും നിക്ഷേപകരുടെയും യോഗം വിളിച്ചു കൂട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴെല്ലാം;

(സി) പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തു;

(ഡി) ഈ യോഗത്തിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്ത് എന്തുതുകയുടെ വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ട്;

(ഇ) ഏതെല്ലാം വ്യവസായങ്ങളിലാണ് ഈ നിക്ഷേപം നടത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി-(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly